**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 861** **09-10-2024 - ൽ മറുപടിയ്ക്ക്**

**ഹോം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വിഭാഗങ്ങൾക്കായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന 'ഹോം' (HOME) പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദമാക്കുമോ? | (എ) | പട്ടികജാതി വിഭാഗക്കാരായ കുടുംബങ്ങളുടെ പുനരധിവാസവും ശാക്തീകരണവും ഉന്നമനവും ഉറപ്പാക്കി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ മൈക്രോപ്ലാനിംഗ് നടപ്പിലാക്കുന്നതിനാണ് ഹോം പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത് (House hold Oriented Microplanning for Empowerment). പട്ടികജാതി കുടുംബങ്ങളുടെ പിന്നാക്കാവസ്ഥയ്ക്ക് ശാശ്വത പരിഹാരം കണ്ടെത്തുന്നതിന് സുസ്ഥിര വരുമാന വർധന പരിപാടികളും സാമൂഹ്യക്ഷേമ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ് ടി പദ്ധതി ലക്ഷ്യം വെക്കുന്നത്. ഓരോ കുടുംബത്തിനും ആവശ്യമായ പദ്ധതികൾ എന്തൊക്കെയെന്ന് കുടുംബാധിഷ്ഠിത സൂക്ഷ്മതല ആസൂത്രണത്തിലൂടെ കണ്ടെത്തുകയും അവരുടെ ആവശ്യങ്ങൾക്കനുസൃതമായി ടി കുടുംബങ്ങളുടെ സജീവ പങ്കാളിത്തത്തോടെ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുകയാണ് പദ്ധതിയുടെ സമീപനരീതി.<br>പട്ടികജാതിക്കാരുടെ സമഗ്ര വികസനത്തിനും ശാക്തീകരണത്തിനുമായി വിഭാവനം ചെയ്തിട്ടുള്ള മേൽ പദ്ധതി ചുവടെ ചേർക്കും പ്രകാരം നാല് ഘട്ടങ്ങളിലായാണ് നടപ്പിലാക്കുന്നത്.<br><br>1. കുടുംബാടിസ്ഥാനത്തിലുള്ള സ്ഥിതി വിവര ശേഖരണം<br><br>2.സൂക്ഷ്മതല ആസൂത്രണവും പിന്തുണയും നല്കേണ്ടുന്ന കുടുംബങ്ങളെ പട്ടികപ്പെടുത്തൽ<br><br>3.പദ്ധതി രൂപീകരണം<br><br>4. പദ്ധതി നിർവഹണവും അവലോകനവും |

| | | | |
|---|---|---|---|
| | | | മേൽ പദ്ധതി പ്രകാരം പ്രാരംഭ ഘട്ടത്തിൽ സംസ്ഥാന സർക്കാർ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള അതി ദരിദ്ര കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ട കുടുംബങ്ങളെയാണ് പരിഗണിക്കുന്നത്. വകുപ്പ് പ്രത്യേക പരിഗണന നൽകുന്ന ദുർബല വിഭാഗകുടുംബങ്ങൾക്കും മുൻഗണന നൽകുന്നു.<br><br>ഹോം പദ്ധതിയുടെ 75 ശതമാനം കുടുംബങ്ങളുടെ വിവരശേഖരണം പൂർത്തിയാക്കിയിട്ടുണ്ട്. സർവ്വേ പൂർത്തിയാകുന്ന മുറയ്ക്ക് സൂക്ഷ്മതല ആസൂത്രണ പദ്ധതി ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിന് കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ